(സി) പ്രസ്തുത പാർക്ക് വിപുലീകരിക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഭൂമി മുഴുവൻ അലോട്ട് ചെയ്ത് അലോട്ട്മെന്റ് നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞതിനാൽ പ്രസ്തുത പാർക്ക് വിപുലീകരിക്കുന്നതിനുള്ള പദ്ധതികൾ നിലവിലില്ല.

ചീമേനിയിലെ വ്യവസായ പാർക്ക്

136(3568) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ സുലഭമായി ലഭിക്കുന്ന അടയ്ക്ക, കശുവണ്ടി, കല്ലുമ്മക്കായ (ചിപ്പി) എന്നിവ ഉപയോഗിച്ച് ചീമേനിയിലെ വ്യവസായ പാർക്കിൽ പൊതുമേഖലയിൽ വ്യവസായം കൊണ്ടുവരാൻ കഴിഞ്ഞ സർക്കാർ കാലത്ത് തന്നെ ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തിയിട്ടും വ്യവസായ പാർക്ക് ആരംഭിക്കാൻ വൈകുന്നതെന്തുകൊണ്ടെന്നും ഈ പാർക്കിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ചീമേനി വ്യവസായ പാർക്കിനുള്ള സ്ഥലം നിലവിൽ ഐ.ടി. വകുപ്പിന്റെ കൈവശമാണ്. പ്രസ്തുത ഭൂമി വ്യവസായ വകുപ്പിന് കൈമാറി കിട്ടുന്ന മുറയ്ക്ക് പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ബഹുനില വ്യവസായ പാർക്കുകൾ

137(3569) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബഹുനില വ്യവസായ പാർക്കുകൾ (ഗാല) സ്ഥാപിക്കുന്നതിനായി സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വ്യവസായ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് എറണാകുളം ജില്ലയിൽ എടയാറിൽ ഒരു ബഹുനില വ്യവസായ സമുച്ചയം (ഗാല) പൂർത്തീകരിച്ച് സംരംഭകർക്കായി അനുവദിച്ചു നൽകിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽപ്പാടത്ത് രണ്ട് ബഹുനില വ്യവസായ സമുച്ചയങ്ങളും ആലപ്പുഴ ജില്ലയിലെ പുന്നപ്രയിൽ ഒരു ഗാലയും നിർമ്മാണത്തിന്റെ അന്തിമ ഘട്ടത്തിലാണ്. കൂടാതെ മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിൽ ഒരു ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിന്റെയും തിരുവനന്തപുരത്ത് ഐ.ടി/ഐ.ടി അധിഷ്ഠിത മേഖല, കിൻഫ്ര ഫിലിം ആന്റ് & വീഡിയോ പാർക്കിന്റെയും പ്രവർത്തനങ്ങൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതുതായി ഏതെല്ലാം ജില്ലകളിലാണ് വ്യവസായ പാർക്കുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

വ്യവസായ വകുപ്പിലെ പൊതുമേഖല സ്ഥാപനമായ കിൻഫ്ര കൊച്ചിയിൽ ഒരു പെട്രോ കെമിക്കൽ പാർക്കും കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയും ഇടുക്കിയിലെ തൊടുപുഴയിൽ ഒരു സ്പൈസസ് പാർക്കും തുടങ്ങാൻ ഉദ്ദേശിക്കുന്നു.

(സി) വ്യവസായ പാർക്കുകളുമായി ബന്ധപ്പെട്ട് മറ്റെന്തെല്ലാം വികസന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

നിലവിലുള്ള വ്യവസായ വികസന പാർക്കുകളുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനു പുറമേ വ്യവസായ പാർക്കുകളിൽ എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, പവർ ഫീഡർ എന്നിങ്ങനെ പുതിയ സൗകര്യങ്ങളൊരുക്കി നിക്ഷേപകരെ ആകർഷിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി നടപ്പു സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ വകയിരുത്തിയിരുന്നു. എറണാകുളത്ത് എടയാറിലും ആലപ്പുഴ ജില്ലയിലെ അരൂരിലും കോമൺ എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) വികസന പദ്ധതികൾക്കായി സംസ്ഥാനത്തിന് പുറത്തുള്ള ഏജൻസികളെ ആകർഷിക്കാൻ നടപടികളിൽ ലഘൂകരണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് കൂടുതൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുമായി ഈസ് ഓഫ് ഡൂയിങ് ബിസിനസ് സംവിധാനം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

കോവിഡ് കാലത്തെ സാമ്പത്തിക മാന്ദ്യം

138(3570) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്മൂലമുള്ള സാമ്പത്തിക മാന്ദ്യം കാരണം സംസ്ഥാനത്തെ വ്യവസായങ്ങൾ അടച്ചുപൂട്ടുന്ന സാഹചര്യമുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly